പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --2904 22.06.2012- ലെ മറുപടിക്ക്

## വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസികൾക്ക് അവർ ജോലിചെയ്യുന്ന രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ കാരണം ജോലി നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി)എങ്കിൽ ഇവരെ സഹായിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (എ & ബി ) പ്രവാസി മലയാളികൾക്ക് അവർ ജോലി ചെയ്യുന്ന രാജ്യങ്ങളിലെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളിൽ വന്ന മാറ്റങ്ങൾ കാരണം ഗണ്യമായ തോതിൽ അല്ലെങ്കിൽ ആശങ്കയുളവാക്കുന്ന രീതിയിൽ ജോലി നഷ്ടപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗൾഫിലെ ചില രാജ്യങ്ങളിൽ തദ്ദേശികൾക്ക് ജോലിയിൽ നിശ്ചിത സംവരണം നൽകാനായി തൊഴിൽ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ കാരണം കേരളത്തിൽ നിന്നു നടക്കുന്ന റിക്രൂട്ട്മെന്റിൽ നേരിയ കുറവ് കണ്ടുവരുന്നതു പ്രമുഖമായും ക്ലറിക്കൽ തസ്തികയിലേക്കാണ്. എന്നാൽ കേരളത്തിൽ നിന്നും റിക്രൂട്ട്മെന്റ് ഉയർത്തുന്നതിനായി ഈ വകുപ്പ് തൊഴിൽ അന്വേഷകരുടെ സാങ്കേതിക മേഖലയിലെ വൈദഗ്ധ്യവും പ്രവർത്തിപരിചയവും മെച്ചപ്പെടുത്തുന്നതിനായി വ്യാപകമായ രീതിയിൽ തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടി നൽകി വരുന്നുണ്ട്. |
| (സി)പ്രസ്തുത പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ